പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4831 21.10.2011-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയെ പ്ലാസ്റ്റിക് മാലിന്യ വിമുക്ത ജില്ലയാക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പ്രദീപ്കുമാർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) കോഴിക്കോട് ജില്ലയെ പ്ലാസ്റ്റിക് മാലിന്യവിമുക്ത ജില്ലയാക്കുന്നതിന് ജില്ലാ ഭരണകൂടം എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) കോഴിക്കോട് ജില്ലയിലെ ഭരണകൂടം, ജില്ലാ പഞ്ചായത്ത്, ശുചിത്വമിഷൻ, എന്നിവയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ല പ്ലാസ്റ്റിക് മാലിന്യവിമുക്തമാക്കുന്നതിന് MAP (Mass Action for Plastic Wastefree Kozhikode) 2010 നവംബർ മുതൽ ആസൂത്രണം ചെയ്ത ഒരു കർമ്മ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതി വഴി ജില്ലയെ പ്ലാസ്റ്റിക് മാലിന്യവിമുക്ത ജില്ലയാക്കി പ്രഖ്യാപിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇതോടനുബന്ധിച്ച് വളരെ വ്യക്തമായ കലണ്ടറുകൾ തയ്യാറാക്കി അതിനനുസരിച്ചായിരുന്നു പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നത്. ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ജില്ലാകളക്ടറും, പഞ്ചായത്ത്തല പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും |

നേതൃത്വം നൽകിയിട്ടുണ്ട്. താഴെ കാണിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് :-

1. പ്ലാസ്റ്റിക്മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ജില്ലയിലാകമാനം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.
2. ബോധവൽക്കരണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ അഴിയൂർ മുതൽ രാമനാട്ടുകരവരെയുള്ള അകലത്തിൽ ജില്ലക്ക് കുറുകെയായി മനുഷ്യചങ്ങല തീർക്കുകയുണ്ടായി.
3. നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടികളും ശേഖരിക്കപ്പെട്ട മാലിന്യങ്ങൾ വാഹനം വഴി നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു.
4. വ്യാപാരവ്യവസായികളുമായി സംയോജിച്ച് പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
5. ബദൽഉൽപ്പന്നങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുകയും ബദൽ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.
6. 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകൾക്കെതിര നിയമനടപടികൾ സ്വീകരിച്ചു.
7. കുടുംബശ്രീ, ബാലസഭ വഴി പ്ലാസ്റ്റിക് മാലിന്യവിരുദ്ധ ബോധവൽക്കരണം നടത്തി.
8. സർക്കാർ ഓഫീസുകൾ, അർദ്ധസർക്കാർ ഓഫീസുകൾ മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവ ഈ കാലങ്ങളിൽ ശുചീകരിക്കുകയുണ്ടായി. പ്ലാസ്റ്റിക് വിമുക്ത ഓഫീസായി പ്രഖ്യാപിക്കുകയും ചെയ്തു.
9. എൻ.എസ്.എസ്.ന്റെ ആഭിമുഖ്യത്തിൽ സപ്തദിനക്യാമ്പുകൾ സംഘടിപ്പിച്ചു.

10. ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായി യോഗം വിളിച്ചു ചേർക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി.
11. രാഷ്ട്രീയ സാമൂഹിക സംഘടനകളുമായി യോജിച്ച് പ്ലാസ്റ്റിക് തോരണങ്ങൾ, ഫ്ളക്സ്ബോർഡുകൾ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ, ഡിസ്പോസിബിൾ പ്ലേറ്റ്, ഗ്ലാസ് എന്നിവ പൂർണ്ണമായി ഒഴിവാക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു.
12. ജില്ലയിൽ പല ഭാഗങ്ങളിലും കളക്ഷൻ ബിന്നുകൾ സ്ഥാപിക്കുകയുണ്ടായി.
13. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉൽപന്നങ്ങൾ വിൽക്കുകയോ, ഉൽപാദിപ്പിക്കുകയോ ചെയ്യുന്നവർക്കെതിരെ സ്ക്വാഡ് വർക്ക് ഊർജ്ജിതമാക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു.
14. പ്ലാസ്റ്റിക്കും മററ് മാലിന്യങ്ങളും(ആക്രി) ശേഖരിക്കുന്നവരെ ആദരിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു.
15. 2011 ജനുവരി 26ന് ജില്ല പ്ലാസ്റ്റിക് മാലിന്യമുക്തജില്ലയായി പ്രഖ്യാപിക്കപ്പെട്ടു.

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അവലോകനം നടത്തിയിട്ടുണ്ടോ ; | സി) ഉണ്ട്. |
| ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ശനിയാഴ്ചകളിലും ജില്ലാഭരണ കൂടത്തിന്റെ നേതൃത്വത്തിൽ ജില്ലാതല ഓഫീസർമാരുടെ യോഗം ചേരുകയുണ്ടായി. പഞ്ചായത്തുതലങ്ങളിലെ ആവലോകനങ്ങൾക്കായി ഈ ആവശ്യത്തിലേക്ക് വിളിക്കുന്ന പ്രത്യേക മീറ്റിംഗുകൾക്ക് പുറമെ |

എല്ലാ മാസത്തിലെയും ആദ്യ ആഴ്ചകളിൽ ചേർന്നിരുന്ന പഞ്ചായത്ത് വകുപ്പ് തലത്തിലുള്ള സെക്രട്ടറിമാരുടെ ജില്ലാതല യോഗത്തിലും പ്രവർത്തനങ്ങൾ അവലോകനം നടത്തി വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിലും വാർഡ് തലത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിലും ഇത്തരം അവലോകന യോഗങ്ങൾ ചേരുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ